LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 ജൂൺ വാല്യം 10 ലക്കം 5



**ചർച്ച് ഓഫ് ഇറ്റേണിറ്റി, കുവൈറ്റ് ദൈവസഭയിൽ Apostle ദേവസ്യാ മുല്ലക്കരസാറും സഹശുശ്രൂഷകരും ദൈവവചനം പ്രസംഗിക്കുന്നു. അനുഗ്രഹം പ്രാപിക്കാനെത്തിച്ചേർന്ന ദൈവജനം.**

എഡിറ്റോറിയൽ

# അഭിപ്രായം ഇരുമ്പുലക്കയോ

## Is opinion an iron pestle

Apostle: Devasia Mullakkara

മത്താ.16:21-ൽ "അന്ന് മുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ, മഹാ പുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചുതുടങ്ങി".

22-ാം വാക്യം പത്രോസ് അവനെ വേറിട്ടുകൊണ്ടു പോയി. "കർത്താവെ, അത് അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതേ, എന്ന് ശാസിച്ചുതുടങ്ങി". 23- അവനോ തിരിഞ്ഞ് പത്രോസിനോട് "സാത്താനെ, എന്നെ വിട്ടു പോ. നീ എനിക്ക് ഇടർച്ചയാകുന്നു.നീ ദൈവത്തിന്റെയല്ല മനുഷ്യരുടെയത്രെ കരുതുന്നത് എന്ന് പറഞ്ഞു".

"ക്രൂശീകരണം"എന്ന വലിയ രക്ഷാകരസംഭവം ക്രിസ്തുവിൽ സംഭവിക്കാതിരിക്കണമെന്നായിരുന്നു പത്രോസിന്റെ **"അഭിപ്രായം"**. സ്നേഹത്തിൽ നിന്നുയർന്ന കേവലം സ്വന്തമായൊരഭിപ്രായം, **"കർത്താവെ, അത് അരുതേ; നിനക്ക് അങ്ങനെ ഭവിക്കരുതേ".** പക്ഷെ, ഒരഭിപ്രായം ദൈവഹിതമല്ലാത്തതാണെങ്കിൽ ദൈവം എന്തായിരിക്കും മറുപടി പറയുക. "sorry" എന്ന് പറഞ്ഞ് അവനെ ആശ്വസിപ്പിക്കുക അല്ലായിരിക്കും. **"സാത്താനെ, എന്നെ വിട്ടു പോ, നീ എനിക്ക് ഇടർച്ചയാകുന്നു, നീ ദൈവത്തിന്റേതല്ല, മനുഷ്യരുടെയത്രെ കരുതുന്നത്".**

കാരണം, ആ അഭിപ്രായത്തിന് പിന്നിൽ സാത്താന്റെ പ്രവർത്തനമാണെന്ന് യേശുക്രിസ്തു ആത്മാവിൽ തിരിച്ചറിഞ്ഞു. ദുഷിച്ച അഭിപ്രായം സ്നേഹത്തിൽ നിന്നുണ്ടായാലും അത് സാത്താന്റെ മാത്രം ഭാവമാണ്.

നാം സ്വന്തം അഭിപ്രായം പറഞ്ഞേക്കാം. എന്നിട്ട് എന്റെ അഭിപ്രായം മാത്രമാണ് ഇത് എന്നൊക്കെ പറഞ്ഞേക്കാം. ഇത്തരം അഭിപ്രായം കേൾക്കുന്നവർക്ക് അത് ദൈവത്തിൽ നിന്നൊ പിശാചിൽ നിന്നൊ എന്നത് തിരിച്ചറിയാനുള്ള വരം ഇല്ലെങ്കിൽ അവരൊക്കെ അതങ്ങ് വിശ്വസിക്കും.

വിദ്യാസമ്പന്നരും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരും പൊതുജനസമ്മതരുമായ അനേകർ അവരുടെ അഭിപ്രായം തട്ടിവിട്ടശേഷം ആ സ്വയത്തിന് "സപ്പോർട്ട്" കിട്ടുവാൻ കൂടുതൽ കാത്തിരിപ്പുകൾ നടത്തിയേക്കാം. താൻ പറഞ്ഞത് ഫോൺ വിളിച്ചും sms ഇട്ടും ഇ-മെയിൽ ചെയ്തും സോഷ്യൽ മീഡിയാകളിൽ കൊടുത്തും മറ്റുള്ളവരുടെ സപ്പോർട്ട് ലഭിക്കുവാൻ വീണ്ടും വീണ്ടും ശ്രമിച്ചേക്കാം. മാലിന്യം ദുർമ്മണം പരത്തുന്നതുപോലെ ആയിത്തീരും ഇത്തരം സംരംഭങ്ങൾ.

ആത്മീയജീവിതത്തിലും നമ്മുടെയൊക്കെ ബുദ്ധിപരമായ അഭിപ്രായംപറച്ചിലുകൾ സഭയുടെ പിളർപ്പുകളിലേക്ക് പലപ്പോഴും എത്താറുണ്ട്. വ്യക്തികളും കുടുംബങ്ങളും പിന്മാറ്റത്തിലേയ്ക്ക് പോകുവാനും ആ അഭിപ്രായം പറച്ചിലുകൾ ഇടവരുത്തിയേക്കാം.

മനുഷ്യന്റെ അകമെയുള്ള സാത്താന്റെ പ്രവർത്തനങ്ങളെ തിരിച്ചറിയുവാൻ നാം എന്നും കർത്താവിനോട് വരങ്ങൾ ചോദിക്കുക.

സ്വയം വളർന്നു വരുന്നത് അപകടകരം തന്നെ. നമ്മുടെ സ്വയത്തേക്കാൾ ക്രൂശീകരണത്തെ സ്നേഹിക്കുന്ന അവസ്ഥയെ നാം പ്രോത്സാഹിപ്പിക്കുക തന്നെ വേണം. എങ്കിലേ സ്വന്തം അഭിപ്രായങ്ങൾ വെളിയിൽ വരാത്തവിധം കുഴിച്ചുമൂടാൻ കഴിയുകയുള്ളൂ. പരിശുദ്ധാത്മാവു മുഖാന്തരം നാം ജ്ഞാനം സമ്പാദിച്ച് ക്രൂശിക്കപ്പെടലിനെ എന്നും സമ്പാദിക്കണം. ക്രൂശു വഹിക്കുക എന്നത് ഒരു ആജീവനാന്ത പഠനമാണ്. സ്വന്ത അഭിപ്രായം തട്ടിവിടലിനെ നാം ക്രൂശിക്കപ്പെടാൻ വിട്ടു കൊടുത്തുകൊണ്ട്, സ്വയം താഴ്ത്തിയാൽ സാത്താൻ പിന്നിലേക്ക് പോകുകയും നാം വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും.

നാം ക്രൂശിൽ നിന്നും വ്യതിചലിക്കുമ്പോളൊക്കെയും ജഡമോഹങ്ങൾ അഭിപ്രായം പറച്ചിലുകൾ എന്നിവയൊക്കെയും ഉയിർത്തെഴുന്നേൽക്കും. ശീലങ്ങൾ, ഇച്ഛകൾ, അഭിപ്രായം പറച്ചിലുകൾ ഇവ ക്രൂശിക്കപ്പെടട്ടെ, എന്നും.•

## Is opinion an iron pestle?

Mathew 16:21 says " From that time on Jesus began to explain to his disciples that he must go to Jerusalem and suffer many things at the hands of the elders, the chief priests and the teachers of the law, and that he must be killed and on the third day be raised to life."

22nd verse says " Peter took him aside and began to rebuke him. "Never, Lord!" he said. "This shall never happen to you!" In 23rd verse Jesus turned and said to Peter, "Get behind me, Satan! You are a stumbling block to me; you do not have in mind the concerns of God, but merely human concerns."

"Crucifixion" the great salvation episode which had to take place through Christ should not happen so was the **"opinion"** of Peter. Just an ordinary view which came out of love. "Never, Lord!" "This shall never happen to you!" Merely one's own view point. But if an opinion is not the will of God, then what will be the reply of God? He might not comfort him by saying 'sorry'. But "Get behind me, Satan! You are a stumbling block to me; you do not have in mind the concerns of God, but merely human concerns."

Because Jesus Christ realized in spirit that it is the doing of Satan behind that opinion. Bad opinion even if comes out of love it is still only Satan's expression.

We might say our view point. We might even say that it is only my opinion. But those who listen to such

എഡിറ്റോറിയൽ
അഭിപ്രായം ഇരുമ്പുലക്കയോ
Is opinion an iron pestle
Apostle: Devasia Mullakkara

opinions, if they do not have the gift of knowing whether it is from God or Satan they might end up believing it.

Those who are highly educated or those who are financially well off and those who has the public's influence after saying their opinions might wait forever to get the support for those selves . They try to get the support through telephones, SMS, Email's, and via social Medias after proclaiming their opinion via all these. These episodes can become as foul smelled as garbage.

Many a times such intelligent opinion of ours, even in our spiritual lives, has leaded us to the rift among the church. Such opinions can also be reason why individuals or the family has back fallen.

Ask daily the Lord for the gift to identify the work of Satan inside men. It is dangerous four our self's to grow by itself. The love for crucifixion should be encouraged more than ourselves. Only then can we bury our opinion in a way that it will not come out. With the help of Holy Spirit we should gain knowledge and gain crucifixion every day. Bearing ones cross is a lifelong lesson. Allow the habit of saying our opinion to be crucified, if we humble ourselves, Satan will be moved back and we will be made holy.

When we go astray from the Cross then the worldly desires and opinion telling all will resurrect again. Let habits, desires and telling opinions all be crucified, forever ▪

# HEAD ശിരസ്സ്

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം
Apostle: Devasia Mullakkara

**എഫേസ്യ ലേഖനത്തിൽ നിന്ന് Rev. ദേവസ്യാ മുല്ലക്കര സാർ**

ഫിലി.4:7-ൽ "സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം ഞങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും" എന്ന് പറഞ്ഞിട്ടുണ്ടല്ലൊ. കർത്താവെ അങ്ങനെ കാക്കുവാൻ പറ്റുന്ന, എല്ലാ ബുദ്ധിയേക്കാളും നിനവുകളെക്കാളും വലിയ സമാധാനം എനിക്ക് തരണമെയെന്ന് നിങ്ങൾ പ്രാർത്ഥിക്കണം. ഇതിനോട് ബന്ധപ്പെടുത്തി ചൊല്ലാവുന്ന ഒരു പ്രാർത്ഥനയാണ് എഫെ.3:18,19 വചനം പറഞ്ഞുകൊണ്ടുള്ള പ്രാർത്ഥന. "വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് സകല വിശുദ്ധന്മാരോടുകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം" എന്നും പ്രാർത്ഥിക്കുന്നു. എന്നു പറഞ്ഞാൽ നമ്മുടെ തലച്ചോറിന്റെയും ബുദ്ധിയുടെയും സ്വാഭാവികമായ മണ്ഡ

It is told in Philippians 4:7 "and the peace of God, which surpasses all understanding, will guard your hearts and minds through Christ Jesus." You should pray to Lord saying Lord give us the peace of God which surpasses all understanding, will guard our hearts and minds. A prayer which can be told in relation to this is in Ephesians 3:18-19 " May be able to comprehend with all the saints what is the width and length and depth and height— to know the love of Christ which passes knowledge; that you may be filled with all the fullness of God." And thus we pray. That means God's love is beyond our comprehension and or sphere beyond our understanding and knowledge of our brains. This matter should be prayed daily by you. There is lot of people who has gathered knowledge in different ways in this world. We acknowledge that all these

## ഉള്ളടക്കം


| | | | |
|---|---|---|---|
| എഡിറ്റോറിയൽ | 2 | ജോമോൾ | 22 |
| സത്യത്തിന്റെ പരിജ്ഞാനം | 3 | ഗിരീശൻ, മുഹമ്മ | 25 |
| മിനി, കണ്ണൂർ | 6 | ജോൺ, നീലേശ്വരം | 26 |
| സണ്ണി,കാസർഗോഡ് | 11 | ശോശാമ്മ, കണ്ണൂർ | 31 |
| ജിജോ, യുഎസ്എ | 12 | വാർത്തകൾ | 34 |
| സുനിത, പാലക്കാട് | 14 | പ്രോഗ്രാം | 35 |

# HEAD ശിരസ്സ്

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

ലത്തിന് അപ്പുറത്തുള്ളതാണ് ദൈവ സ്നേഹം എന്നാണ്. ഈ കാര്യം നിങ്ങൾ എന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ഈ ലോകത്തിൽ പലതരത്തിലുള്ള ധാരാളം അറിവുകൾ സമ്പാദിച്ചവരുണ്ട്. ഡോക്ടേഴ്സ്, എഞ്ചിനീയേഴ്സ്, ശാസ്ത്രജ്ഞന്മാർ ഇവർക്കെല്ലാം പരിജ്ഞാനമുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. പക്ഷെ ദൈവമെ നിന്റെ സ്നേഹം പരിജ്ഞാനത്തിനപ്പുറത്തുള്ളതാണ്. മനുഷ്യന്റെ ബുദ്ധിക്ക് അപ്പുറത്തുള്ളതാണ്.

**സഭാത്മകത:-**

എഫേസ്യലേഖനത്തെക്കുറിച്ച് ലോകോത്തരനായ ഒരു ആത്മീയവ്യക്തി പറഞ്ഞിരിക്കുന്നത് യൂറോപ്പിലെ ആൽപ്സ് പർവ്വതം പോലെ പ്രധാനപ്പെട്ടതാണ് പുതിയനിയമത്തിലെ എഫേസ്യ ലേഖനം എന്നാണ്. ആൽപ്സ് പർവ്വതനിരകൾ ലോകത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധേയമായ ഒന്നാണ്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നത്?സഭയേപ്പറ്റി ഇത്ര മനോഹരമായി പ്രതിപാദിക്കുന്ന മറ്റൊരു പുസ്തകമില്ലാഞ്ഞിട്ടു തന്നെ. സഭ എന്ന് കേൾക്കുമ്പോൾ കത്തോലിക്കർക്ക് തോന്നും അവരുടെ സഭയേപ്പറ്റിയാണ് പറയുന്നതെന്ന്. യാഥാസ്ഥിതികരായ നവീകരണസഭകളിൽ പെട്ടവർക്ക് തോന്നും അവരുടെ സഭകളേക്കുറിച്ചാണ് പറയുന്നതെന്ന്. എന്നാൽ ഞാനുദ്ദേശിക്കുന്നത് ക്രിസ്തു തലയായിട്ടുള്ളതും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന മനുഷ്യർ ഉടലായിട്ടുള്ളതും ക്രിസ്തു മണവാളനായിട്ടുള്ളതും ദൈവത്തെ സ്നേഹിക്കുകയും ക്രിസ്തു അകത്തു വസിക്കുന്ന മന്ദിരം ആയി രൂപാന്തരപ്പെട്ടിട്ടുള്ളതുമായ കൂട്ടായ്മ ഏതോ അതിനെയാണ് സഭ അഥവാ ചർച്ച് എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. എക്ലീസ്സിയ എന്ന മനോഹരമായ വാക്കാണ് സഭ അഥവാ ചർച്ചിനുപകരം ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. വിശുദ്ധിയും വേർപാടുമെടുത്തവരുടെ കൂട്ടം എന്നാണിതിന്റെയർത്ഥം. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും ലോകമയത്വത്തിൽ നിന്നുമുള്ള വിടുതൽ, ശാപഗ്രസ്തമായ രാഷ്ട്രീയസാമൂഹിക സാമ്പത്തികമണ്ഡലങ്ങളിലുള്ള അങ്ങേയറ്റത്തെ നേട്ടങ്ങൾ കൊയ്യുവാനുള്ള ആഗ്രഹത്തിൽ നിന്നും ഒരു വിടുതൽ. വേർപാട് എന്നു പറയുന്നത് പാപത്തിൽ നിന്നുള്ള വേർപാടാണ്. ആൺകുട്ടികൾ വളർന്ന് യൗവ്വനാരംഭത്തിലേക്ക് വരുമ്പോൾ ഒരു ദാഹമാണ് സൈക്സികമായ കാര്യങ്ങളോട്. ക്രിസ്തുവിനെ പരിചയപ്പെടുന്നതോടുകൂടി ഇത്തരം കാര്യങ്ങളെ മറന്ന് ക്രിസ്തുവിനോടുള്ള പ്രേമ

people like Doctors, Engineers, Scientists has knowledge. But God your love is beyond understanding and knowledge. It is beyond human cleverness.

A world renounced spiritual guide has said that the book of Ephesians in the New Testament is as important as the mount Alps of the Europe. The Mount Alps is one of the most noteworthy and remarkable mountain series. Why did he mention like that? Because there is no other books which so beautifully discuss and describe about church. When the Catholics hear the word church they might think it is told about their church. Those in the reformed churches might think it is about their church it is told about. But what I mean here is the one where Christ is the head and the body which consists of people who worship God in spirit and truth, and where Christ being the bridegroom, loving the God and the tabernacle where Christ resides if this kind of transformation has happened in a fellowship then that is what I call as the term church. The word church is a beautiful term which otherwise in Greek is called as Ecclesia. This term means a group of people who are holy and segregated people. Deliverance from the sins, curses, and worldly matters, deliverance from the desire of achieving advantage of the cursed political social and financial circles. Segregation here means getting segregated or separated from sins.


എഡിറ്റോറിയൽ ബോർഡ്
editorial board

ചീഫ് എഡിറ്റർ:
ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ:
പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: രഞ്ജിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ : ജീമോൻ

## HEAD ശിരസ്സ്

knowledge of the truth

സത്യത്തിന്റെ പരിജ്ഞാനം

ത്തിൽ നമ്മളായിത്തീരും. വചനം പഠിക്കുക, സ്നേഹം അഭ്യസിക്കുക, ആത്മശക്തി സമ്പാദിക്കുക മുതലായവ സഭയിലൂടെ മാത്രമെ നമുക്ക് സാധിക്കുകയുള്ളു.

ബിംബാരാധനകളുള്ള പാരമ്പര്യ സഭകളിൽ കർമ്മങ്ങൾ മാത്രമെ നടക്കുന്നുള്ളു. അത്തരം സഭകളിൽ ഒരിക്കലും ദൈവാത്മാവിന്റെ നിറവ് കിട്ടുന്നില്ല. എന്നാൽ ചർച്ച് ഓഫ് ഇറ്റേണിറ്റി പോലെയുള്ള സഭകൾ നിത്യത മുതൽ നിത്യത വരെ നീണ്ടുനിൽക്കുന്ന ആത്മചിന്തകൾകൊണ്ട് നിറഞ്ഞ ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മയിൽ പ്രവർത്തിക്കുന്ന പാസ്റ്റേഴ്സും അവരോടുകൂടെ പ്രവർത്തിക്കുന്നവരുമെല്ലാം ദൈവത്തോട് ഏറ്റവും കൂടുതൽ വിശ്വസ്തരായി നിൽക്കുന്നത് എനിക്ക് കാണുവാൻ സാധിച്ചിട്ടുണ്ട്. ഒരു ഭർത്താവ് തന്റെ ഭാര്യയോടും ഭാര്യ തന്റെഭർത്താവിനോടും കൂടുതൽ വിശ്വസ്തമായി നിൽക്കുമ്പോൾ കുടുംബാന്തരീക്ഷം മനോഹരമാകും. ഭാര്യാഭർത്താക്കന്മാർക്ക് വിശ്വസ്തത കുറഞ്ഞാൽ കുടുംബാന്തരീക്ഷം വഷളാകും. ഇതുപോലെ നമ്മൾ നമ്മുടെ കർത്താവിനോട് വിശ്വസ്തതയോടുകൂടെ പെരുമാറണം. അങ്ങനെ പെരുമാറുന്നവരെ വിളിക്കുന്ന പേരാണ് വിശുദ്ധർ. മരിച്ചുപോയവരിൽ ചില ആളുകളുടെ പേരു ചൊല്ലി വിളിച്ച് പള്ളിക്കകത്ത് ബിംബമാക്കിയോ ജനങ്ങളുടെ അടുക്കൽ അവരേപ്പറ്റിയുള്ള നൊവേനകൾ പുസ്തകമാക്കിയോ കൊടുക്കുന്ന ആളുകളുടെ പേരല്ല വിശുദ്ധർ. ജീവിച്ചിരിക്കുന്ന മനുഷ്യർ ദൈവത്തോടും ദൈവവചനത്തോടും വിശ്വസ്തരായിരിക്കുക, അവരാണ് വിശുദ്ധർ.

ദുരുപദേശങ്ങൾകൊണ്ടോ നൊവേനകൾകൊണ്ടോ ഏതെങ്കിലും പള്ളിക്കർമ്മങ്ങൾ കൊണ്ടോ വിവിധയിനം ആചാരാനുഷ്ഠാനങ്ങൾകൊണ്ടോ നിറഞ്ഞതല്ല സഭ എന്നും ആ വേലിക്കെട്ടുകളൊക്കെ പൊളിച്ചുകളയേണ്ടതാണെന്നും തലമുറകളുടെ മുമ്പിൽ മറഞ്ഞുകിടക്കുന്ന ദൈവീകമർമ്മങ്ങൾ മുഴുവനും ഗുപ്തമായിരിക്കുന്നത് വിശുദ്ധവേദപുസ്തകത്തിലാണെന്നും വേദപഠിതാക്കളാകാൻ ആഗ്രഹിക്കുന്ന മുഴുവൻപേർക്കും നിസ്സംശയം മനസ്സിലാകും. വേദപഠിതാക്കളെ വേദം പഠിപ്പിക്കുവാൻ ഇന്ന് ഒരൊറ്റ അദ്ധ്യാപകനേയുള്ളു. അത് നിങ്ങളാരെങ്കിലുമോ ഞാനോ അല്ല വേദമെഴുതിയ ദൈവത്തിന്റെ - പരിശുദ്ധാത്മാവ് തന്നെയാണ്. ഈ പരിശുദ്ധാത്മാവ് തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങൾ വേദപഠിതാക്കൾക്കു പ്രാർത്ഥിക്കുന്നവരിലൂടെ പറഞ്ഞുകൊടുക്കുവാൻ ഒരുക്കമാണ്. തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങൾ പഠിച്ച് ജീവിതത്തിൽ ആത്മീയവളർച്ച പ്രാപിക്കാത്തവരെല്ലാം, കർമ്മങ്ങളിലേക്ക് പോയി പിന്മാറ്റത്തിലാകാറുണ്ട്. അവർ ശീലങ്ങളിലേക്കും ഇച്ഛകളിലേക്കും, പാപങ്ങളിലേക്കും നാളുനോട്ടം പോലെയുള്ള സംഭവങ്ങളിലേക്കും മറിഞ്ഞുപോകുന്നു.

**ആത്മീയപോഷണം:-**

എന്താണ് ആത്മീയവളർച്ച ? എങ്ങനെയാണ് ഇത് സമ്പാദിക്കേണ്ടത്

When boys grow up to be young teenagers they have a thirst for sexual desires. Bur when we get acquainted with Christ, we tend to forget such things and will be in love with Christ. Learn the scripture, practice love, earn the spiritual strength all these are only possible through Church.

The churches which have the idol worship tradition are only doing religious rites. In those kinds of churches the filling of God's spirit is missing. But churches like the Church of Eternity, is a fellowship which is filled with spiritual thinking of eternity to eternity. I have had a chance to see myself that the functional pastors who are a part of this fellowship and those associated with them being very faithful to God. When a husband is faithful to the wife and vice versa the wife being sincere to the husband makes a family atmosphere wonderful. When the faithfulness between the husband and wife reduces the family atmosphere becomes worse. In the same way we should be faithful to our Lord. And the name which is given to such faithful people is Holy people. The ones who are dead and are worshipped in the form of idols inside the churches, distributing novena books about them to the people is not considered as holy people or saints. The living ones who are faithful and sincere to God and God's words are called as Holy People. A church is not filled with wrong intentions or novenas or church rituals or various kinds of traditional customary rituals,

# HEAD ശിരസ്സ്
## knowledge of the truth
## സത്യത്തിന്റെ പരിജ്ഞാനം

? ആത്മീയവളർച്ച എന്നു പറയുന്നത് തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങൾ പഠിച്ച് ക്രിസ്തീയജീവിതത്തിൽ മുന്നേറുക എന്നതാണ്. അന്യഭാഷയും ദർശനങ്ങളുമുണ്ടായാലും തിരുവെഴുത്തുകൾ വ്യാഖ്യാനിക്കുവാനും പഠിക്കുവാനും പഠിപ്പിക്കുവാനും കഴിയുന്നില്ലെങ്കിൽ ക്രമത്തിൽ ദർശനങ്ങളെല്ലാം പാഴായിപ്പോകും. രോഗശാന്തിവരങ്ങളും പ്രവചനവരങ്ങളും നിങ്ങൾക്കുണ്ടായാലും, മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിഞ്ഞാലും ഭൂതങ്ങളേക്കൊണ്ട് നിറഞ്ഞിരിക്കുന്ന പുരുഷന്മാരെയൊ സ്ത്രീകളെയൊ ഭൂതങ്ങളിൽ നിന്ന് മോചിപ്പിക്കുവാൻ കഴിഞ്ഞാലും നിങ്ങൾക്ക് തിരുവെഴുത്തുകൾ അറിഞ്ഞ് വ്യാഖ്യാനിച്ച് സ്വന്തമായി ഗ്രഹിച്ച് മറ്റുള്ളവർക്ക് കൊടുക്കുവാനുള്ള ഫിലി.4:7-ലും എഫേ.3:18,19 -ലും പറയുന്ന സകല ബുദ്ധിയേയും കവിയുന്ന പരിജ്ഞാനം ദൈവത്തിൽ നിന്നു ലഭിച്ചില്ലെങ്കിൽ അത്തരം കൃപാവരങ്ങളെല്ലാം വിലകുറഞ്ഞതായിപ്പോകും.

സകല ബുദ്ധിയേയും കവിയുന്ന പരിജ്ഞാനത്തെയും കവിയുന്ന ക്രിസ്തുവിന്റെ സ്നേഹം അതിന് ക്രിസ്തുയേശുവിലുള്ള വിശുദ്ധന്മാരുടെ അപ്രമേയ ധനം എന്ന വാക്കാണ് എഫേസ്യലേഖനത്തിൽ പറയുന്നത്. വിശുദ്ധന്മാർ എന്നു പറയുമ്പോൾജോസഫ്, സെന്റ് ജോർജ്ജ്, മാതാവ് തുടങ്ങി മരിച്ചുപോയ ഇനിയും എഴുന്നേറ്റിട്ടില്ലാത്തവരോ, മാർപാപ്പാപോലെയുള്ളവരൊക്കെ സ്വർഗ്ഗീയമായി ഉയിർത്തെഴുന്നേറ്റു എന്നു പറയുകയും All those fences has to be removed and all those Godly rituals which has been concealed to generations is been hidden in the security of the Holy Bible, and this will be revealed without any suspicion to all those who want to be scholars in scripture. Those who wants to be scholars in scripture has only one teacher today. That is not me neither one of you, but it is the God's- Holy Spirit who wrote the scripture. This Holy Spirit is willing to interpret the gospel through those who are prayerful. Those who are not able to learn the interpretation of the gospel usually retreat to religious rites. They fall back to incidents like habits, desires, sins and seeing auspicious day and time.

5. What is spiritual growth? How to earn this? Spiritual growth actually means learning the explanation of gospel and going forward in the Christian life. Even if visions are given if we are not able to interpret the scripture to learn and to teach then gradually these visions will waste away. Even if you have the gifts of prophecy and deliverance of sick, the gift of raising the dead, even if you are able to deliver the men and women from the demons, if you are you are not knowing the gospel and interpret it and understand it for yourself and to share it with others as told in Philippians 4:7 and



എന്റെ പേര് മിനി. ഞാൻ വലിയപറമ്പ് ചർച്ചിലെ അംഗമാണ്. എനിക്ക് അഞ്ച് വർഷത്തോളമായി കാലിന്റെ ഉപ്പൂറ്റിക്ക് നല്ല വേദനയായിരുന്നു. നടക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. എങ്കിലും ഞാൻ മരുന്നിലൊന്നും ആശ്രയിച്ചില്ല. അത് എന്റെ കർത്താവിന്റെ വചനത്തിലുള്ള ഉറച്ച വിശ്വാസം മൂലമാണ്. അങ്ങനെയിരിക്കുമ്പോൾ ഒരു മാസത്തോളമായി കാലിന് നല്ല നീരും വന്നു. നടക്കാനുള്ള ബുദ്ധിമുട്ട് കൂടിക്കൂടി വന്നു. മാർച്ച് മാസം 10-ാം തീയ്യതി സാറിന്റെ പ്രാർത്ഥനക്കുശേഷം,അത്ഭുതകരമായി കാലിന്റെ വേദന പൂർണ്ണമായി മാറി. ഇതു മാത്രമല്ല എനിക്ക് കർത്താവിനെ അറിഞ്ഞതിനുശേഷം ഒത്തിരിയനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ഞങ്ങൾക്ക് മലമുകളിലായി കുറച്ചു സ്ഥലം ഉണ്ടായിരുന്നു. റോഡും വെള്ളവും കറന്റും ഒന്നുമില്ലാതിരുന്നതിനാൽ അത് വിൽപ്പന നടക്കാതെയിരിക്കുകയായിരുന്നു. അതിനുവേണ്ടിയും പ്രാർത്ഥിച്ചു. കുറച്ചുനാൾ കഴിയുമ്പോൾ അത് വിൽക്കുമെന്ന് സാർ പറഞ്ഞു. രണ്ട് മാസത്തിനുശേഷം അതിന്റെ കാര്യങ്ങളും വളരെ അത്ഭുതകരമായി നന്നായി നടന്നു. എന്നെ അനുഗ്രഹിച്ച എന്റെ കർത്താവിനെ ഞാൻ സ്തുതിക്കുന്നു.

മിനി. വലിയപറമ്പ്. കണ്ണൂർ.
Ph: 9446625653

# HEAD ശിരസ്സ്

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

പഠിപ്പിക്കുകയും ചെയ്യുന്ന ആളുകൾ ഉദ്ദേശിക്കുന്ന പള്ളിയിലെ വിശുദ്ധന്മാരോ ക്ഷേത്രത്തിലെ വിശുദ്ധന്മാരോ അല്ല. ജീവിച്ചിരിക്കുമ്പോൾ പാപത്തെ തോൽപ്പിക്കുന്ന, പിശാചിനെ പരാജയപ്പെടുത്തുന്ന നമ്മളാണ് അത്. ലോകത്തെ പരാജയപ്പെടുത്തുവാൻ കഴിയുന്നവർ ക്രിസ്തുയേശുവിലുള്ള വിശുദ്ധന്മാരുടെ അപ്രമേയധനം ആസ്വദിച്ചവരാണ്.

**എഫേസ്യലേഖനത്തിന്റെ പ്രാമാണ്യം.**

ലോകത്തിൽ ആൽപ്സ് പർവ്വതനിരകൾക്കുള്ള പ്രാധാന്യമാണ് വിശുദ്ധവേദപുസ്തകത്തിൽ പുതിയനിയമത്തിൽഎഫേസ്യലേഖനത്തിനുള്ളത് എന്ന്പറഞ്ഞുവല്ലോ.

1-ാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ സഭയെ ക്രിസ്തുവിന്റെ ശരീരമായി വർണ്ണിച്ചിരിക്കുന്നു. 2-ാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ സഭ ഒരു ദേവാലയമാണെന്ന് പറയുന്നു. 3-ാം അദ്ധ്യായം മുഴുവനും സഭ യഥാർത്ഥത്തിൽ സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളിലൊന്നാണ് എന്ന് പഠിപ്പിക്കുന്നു. 4-ാം അദ്ധ്യായത്തിൽ മാനസാന്തരപ്പെട്ട് വീണ്ടും ജനിച്ച് രക്ഷ അനുഭവിക്കുന്ന ഒരു പുതു മനുഷ്യനാണ് ക്രിസ്തുവിന്റെ സഭ എന്ന് പറയുന്നു. 5-ാം അദ്ധ്യായം ക്രിസ്തീയ സഭ മണവാട്ടിയാണ് എന്നും 6-ാം അദ്ധ്യായം സഭ ക്രിസ്തുവിന്റെ ഉത്തമ പടയാളിയാണ് എന്നും പഠിപ്പിക്കുന്നു.കാനോനികമായി അംഗീകാരം ലഭിച്ചിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ വേദഗ്രന്ഥമാണ് 66 പുസ്തകങ്ങളിൽ പ്രമുഖമെന്ന് പറയാവുന്നഎഫേസ്യലേഖനം.

ഒരു വിഷയം സത്യമാണെന്ന് പൂർണ്ണമായും അറിയാതെ സത്യത്തിന്റെ കുറച്ചെന്തെങ്കിലും അറിഞ്ഞിട്ട് വിളിച്ചുപറയുന്നവരെയും, അവർ പറയുന്നത് സത്യമാണെന്ന് തെളിയിക്കാൻ വേണ്ടി ചില ശ്രമങ്ങൾ നടത്തുന്നവരെയുമൊക്കെ നമ്മൾ കാണാറുണ്ട്. ഇങ്ങനെയുള്ളവരെല്ലാം യേശുവിലേയ്ക്ക് ചെന്നാൽ ഏകസത്യം ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞാൽ അവർക്കൊക്കെയും കിട്ടാൻ പോകുന്ന നന്മ എത്ര വലുതാണ്. യൂദാസിന്റെ കാര്യം എല്ലാവർക്കുമറിയാം. അവൻ യേശുവിനെ ഒറ്റിക്കൊടുത്തു. അവനു തന്നെയും മാനസാന്തരപ്പെടാമായിരുന്നു. ഒരു മുടി കയറുമായി മരച്ചില്ലയെ അഭയം പ്രാപിക്കുന്നതിനപ്പുറം സാത്താന്റെ ആഗ്രഹങ്ങൾക്ക് വഴിപ്പെട്ട് കൊടുക്കുന്നതിനപ്പുറം അവന് മാനസാന്തരത്തിലേക്ക് തീർച്ചയായും കടന്ന് ചെല്ലാമായിരുന്നു. എന്നാൽ അവൻ കടന്നു ചെന്നില്ല. കാരണം അവനേക്കുറിച്ച് യിരമ്യാ പ്രവാചകനെ ഉദ്ധരിച്ച് മത്താ.27:9,10 വാക്യങ്ങൾ ഇങ്ങനെ എഴുതി. "യിസ്രായേൽമക്കൾ വിലമതിച്ചവന്റെ വിലയായ മുപ്പതു വെള്ളിക്കാശ് അവർ എടുത്തു, കർത്താവ് എന്നോട് അരുളിച്ചെയ്തതുപോലെ കുശവന്റെ നിലത്തിന്‌വേണ്ടി കൊടുത്തു". അതുകൊണ്ട് അവന്റെ ശുശ്രൂഷകൾ രക്ഷാതത്വശാസ്ത്രവുമായി പ്രയോജനമില്ലാത്തതായിത്തീർന്നു. അവൻ നമുക്ക് ഉദാഹരണമായി മാറേണ്ടതാണ്. കാരണം

Ephesians 3:18-19 if you are not getting the beyond comprehension and the knowledge which surpasses all the understanding from God then all those gifts become less valuable.

The book of Ephesians says that the knowledge which surpasses all the understanding and beyond the comprehension love of Christ is called as immeasurable wealth for those who are holy in Jesus Christ. When we say Holy People it does not include Joseph, Saint George, Mother or those who are dead and not yet resurrected, and those who belong to the churches which teaches that those like Pope has resurrected heavenly is not I meant nor did I mean any holy ones of the temples too. It is us who while leaving defeats the sins and vanquish the Satan. Those who defeats the world is the ones who enjoyed the immeasurable wealth of the holy ones in Jesus Christ. The importance of the Alps mountain ranges in the world is like what the Book of Ephesians has in the New Testament.

In the 1st chapter Christ's church is described as Christ's body. In the 2nd chapter it says that Christ's church is a temple. The 3rd chapter speaks about the fact that church is actually a vital secret of the kingdom of heaven. In the 4th chapter it says that the Christ's church is nothing but a new person who is experiencing a born again feeling after the repentance. The 5th chapter actually says that Christ's church is the bride. And the 6th church

HEAD

# ശിരസ്സ്

knowledge of the truth

സത്യത്തിന്റെ പരിജ്ഞാനം

നമ്മളും ശുശ്രൂഷക്കാരാണ്.

നമ്മളും വചനപരിജ്ഞാനം സമ്പാദിച്ച് നമ്മുടെ ആത്മീയജീവിതം മുന്നോട്ടു കൊണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പക്ഷെ ചില കെടുതികളിലും കെണികളിലും യൂദാസിന് സംഭവിച്ചതുപോലെ നമുക്കു സംഭവിക്കാനുള്ള സാഹചര്യങ്ങൾ ഒരിക്കലും തള്ളിക്കളയാനാവില്ല. സൂത്രശാലിയായ പിശാച്, നിർമ്മലയും നിഷ്ക്കളങ്കയുമായ, വിവാഹം കഴിച്ചുവെങ്കിലും പരസ്പരം കാണുവാനൊ ആസ്വദിക്കുവാനോ പോലും സമയമെടുക്കുന്നതിനുമുമ്പ് അത്രയേറെ ദൈവത്തോടും ദൈവവചനത്തോടും അടുത്തുനിന്ന് കൊണ്ട് ഹവ്വ എന്ന സ്ത്രീയെയും അവൾ മുഖാന്തരം ആദത്തെയും ചതിച്ചത് നമുക്കോർക്കാം. ഏതൊരു മനുഷ്യനെയും സാത്താൻ ചതിക്കുക തന്നെ ചെയ്യും. എന്നാൽ തിരുവെഴുത്തുകളെ പഠിക്കുകയും വീണ്ടും വീണ്ടും മനനം ചെയ്യുകയും ഒക്കെ ചെയ്യുകയാണെങ്കിൽ, സഭയുടെ ശുശ്രൂഷകളെ തിരിച്ചറിയുകയും സഭയുടെ ലക്ഷ്യം മനസ്സിലാക്കുകയും ഏതാണ് സഭയെന്ന് തിരിച്ചറിയുകയുമൊക്കെ ചെയ്താൽ നമുക്ക് പരാജയത്തിന്റെ സാധ്യതകൾ കുറവാണ്. സഭ ക്രിസ്തുവിന്റെ ശരീരം എന്ന തിരിച്ചറിവ് നമ്മെ വിജയത്തിലേയ്ക്കെത്തിക്കും.

**ദൈവീകതെരഞ്ഞെടുപ്പ്**

എഫെ.1-ാം അദ്ധ്യായത്തിൽ 1-ാം വാക്യം ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലോസ് വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് എഴുതുന്നത്. അർത്ഥം മനോഹരമാണ്, പൗലോസിനെ സംബന്ധിച്ചിടത്തോളം ഉറപ്പുണ്ടായിരുന്നു തന്നെ മനുഷ്യരാരും ഇറക്കിവിട്ടതല്ല, ക്രിസ്തുയേശുവിന്റെ ഇഷ്ടത്താൽ തന്നെയാണ് താൻ അപ്പൊസ്തലനായി നിയമിക്കപ്പെട്ടത് എന്ന്. ക്രിസ്തുവിനോടും ക്രിസ്തുവിന്റെ വചനത്തോടും അഥവാ വേദപുസ്തകത്തിനോടും ദൈവാത്മാവിനോടും ത്രിത്വത്തോടും വിശ്വസ്തത പാലിച്ച് ജീവിക്കുന്നവരെയാണ് വിശുദ്ധന്മാരെന്ന് വിളിക്കുന്നത്. ഇത് അക്കാലത്തെയും എക്കാലത്തെയും ദൈവമക്കളെ അഭിസംബോധന ചെയ്യാൻവേണ്ടി ഉപയോഗിക്കപ്പെട്ടിട്ടുള്ള വാക്കാണ്. അവർക്കുവേണ്ടിയുള്ളതാണ് വചനം. സർവ്വജ്ഞാനിയായ ദൈവം തന്നെ വിളിച്ച് വേർതിരിച്ച് ഈ സ്ഥാനവും ശുശ്രൂഷയും തന്നെ ഭരമേൽപ്പിച്ചിരിക്കുകയാണ് എന്ന് അപ്പൊസ്തലൻ ആദ്യം പറയുകയാണ്.

2-ാം വാക്യത്തിൽ നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. ക്രിസ്തുവിന്റെ അപ്പൊസ്തലനായ പൗലോസ് ക്രിസ്തുവിൽ അനുരക്തരായി ജീവിക്കുന്ന വിശുദ്ധരോട് പിതാവായ ദൈവത്തിൽ നിന്നും കർത്താവായ ക്രിസ്തുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ എന്ന് പറഞ്ഞിരിക്കാനുള്ള കാരണം, ക്രൈസ്തവസഭ തന്നെ ദൈവപിതാവിനെ മാത്രം ആരാധിക്കുന്നവരു

teaches us that church is the greatest soldier of Christ. The book of Ephesians is considered to be the most eminent books among the 66 books and has been recognized by the ecclesiastical church. We always see those who do not know fully the fact that one thing is true and those who proclaim after knowing a little bit of truth, and those who try to produce proof for the fact that they are telling the truth. All these people if they go to Jesus and know and realize the fact that the only one truth is Christ how great is their benefit. Everyone knows about Judas. He betrayed Jesus. He himself could have repented. He could have surely found refuge in repentance instead of finding a tree branch with a yard of rope and beyond paving way for Satan's desire. But he did not get there. Because to quote prophet Jeremiah about him, the verses of Mathew 27:9-10 was written like this "And they took the thirty pieces of silver, the value of Him who was priced, whom they of the children of Israel priced, and gave them for the potter's field, as the LORD directed me." So his service became useless as far as the philosophy of salvation is concerned. He should become an example for us. Because we too are people of service.

We are also learning. Our spiritual life is going in to the front. But just as what happened to Judas we cannot shun away the fact that there might be some kind of trap and ruin might happen to us too. Let us

## HEAD ശിരസ്സ്
### knowledge of the truth
### സത്യത്തിന്റെ പരിജ്ഞാനം

ണ്ട്. ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും തള്ളിക്കളയുന്ന യഹോവസാക്ഷികളും മോർമോൺസയൻസുകാരും എമ്പറർ ഇമ്മാനുവേലുകാരും ഒക്കെയുണ്ട്. ചില കൾട്ട്സഭകളുടെ പേരുകൾ പറയുകയായിരുന്നു. അങ്ങനെയുള്ളതുകൊണ്ട് പിതാവായ ദൈവത്തിൽ നിന്നു മാത്രമല്ല പുത്രനിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ എന്ന് പറയുകയാണ്. പിതാവിലും പുത്രനിലും ഇരിക്കുന്ന ആത്മാവാണ് പരിശുദ്ധാത്മാവ്.

ഗലാ.1:1-ലും 1കൊറി.15:9-ലുമൊക്കെ അപ്പൊസ്തലനായ പൗലോസ് ദൈവം നമ്മെ വിളിച്ച് വേർതിരിച്ചതാണെന്നും ഏതെങ്കിലും സൂനഹദോസുകൂടിയൊ ഏതെങ്കിലും മനുഷ്യരുടെ കൂട്ടായ്മ കൂടിയൊ തനിക്ക് അപ്പൊസ്തലത്വം നൽകിയതല്ലെന്നും മാറി മാറി പറഞ്ഞിട്ടുണ്ട്. സഭയുടെ ഔദ്യോഗികസ്ഥാനികളെ മനുഷ്യയോഗ്യതയുടെ വെളിച്ചത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നവരൊക്കെയുണ്ട്. ഉദാഹരണത്തിന് പതിനാറോ പതിനേഴൊ വയസ്സു കഴിഞ്ഞ കുട്ടികളെ ദൈവം നിന്നെ വിളിക്കുന്നു എന്നു പറഞ്ഞ് സെമിനാരിയിലോ കോൺവെന്റിലോ ഒക്കെ ആക്കുന്ന ആ രീതിയുണ്ടല്ലോ അത് മാനുഷിക യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. അപ്പൊസ്തലനായ പൗലോസ് അത്തരം മാനുഷികയോഗ്യതയുടെ അടിസ്ഥാനത്തിലല്ല, ദൈവമാണ് തന്നെ വിളിച്ച് തെരെഞ്ഞെടുത്തതെന്ന് പറയുകയാണ്.

അയയ്ക്കപ്പെട്ടവൻ എന്നാണ് അപ്പൊസ്തലൻ എന്ന വക്കിന്റെയർത്ഥം. ആരാൽ ? ദൈവത്താൽ അയയ്ക്കപ്പെട്ടവൻ. അപ്പൊ.15:33-ൽ പിതാവ് പുത്രനെ അയച്ചതുപോലെ, ക്രിസ്തുവിനാൽ അയയ്ക്കപ്പെടുന്ന അപ്പൊസ്തലിക ലക്ഷണങ്ങളോടു കൂടിയവരെയാണ് അപ്പൊസ്തലൻ എന്ന് വിളിക്കുന്നത്. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയുന്നു എന്നതാണ് അപ്പൊസ്തലന്റെ പ്രധാന ലക്ഷണം.അപ്പൊസ്തലത്വം ഉള്ളയാളിന് തിരുവെഴുത്തുകളുടെ ആകമാനമുള്ള കാര്യങ്ങളെക്കുറിച്ച് നല്ല ജ്ഞാനമുണ്ടായിരിക്കും. ക്രിസ്തുയേശുവിന്റെ ജനനമെന്തിന്? ജീവിതമെന്തിന്? അവിടുന്ന് ക്രൂശിക്കപ്പെട്ടതിലൂടെ, ഉത്ഥാനം ചെയ്യപ്പെട്ടതിലൂടെ, ഇപ്പോൾ പിതാവിന്റെ സന്നിധിയിലിരിക്കുന്നതിലൂടെ, ഇനി വരാനിരിക്കുന്നതിലൂടെ എങ്ങനെ മനുഷ്യന്റെ പാപം പോകും; ദു:ഖം പോകും; ശാപം മാറും; പൈശാചികബന്ധനങ്ങളിൽ നിന്ന് മോചനം പ്രാപിക്കും; എങ്ങനെ നമുക്ക് നിത്യത വരെ എത്താൻ പറ്റും? എന്നു തുടങ്ങിയ കാര്യങ്ങളേക്കുറിച്ചെല്ലാം സാമാന്യത്തിലധികമായ ദൈവീക ജ്ഞാനം ഒരു അപ്പൊസ്തലനുണ്ടായിരിക്കും. വിശുദ്ധവേദപുസ്തകത്തിൽ നമ്മൾ കാണുന്ന അപ്പൊസ്തലന്മാരിൽ സ്വയം ഇത് അവകാശപ്പെടുന്ന ആളാണ് പൗലോസ്. മാർപാപ്പാമാരെയും അതുപോലെ മെത്രാന്മാരെയും കുറിച്ചൊക്കെ സഭയുടെ അപ്പൊസ്തലൻ എന്നൊക്കെ മാത്രമെ പറയാൻ കഴിയുകയുള്ളു.

പൗലോസ് എന്ന പേരിന് ഹെബ്രായവാക്ക് ശൗൽ എന്നാണ്. വലി

remember how the cunning Satan deceived the pure and innocent Eve who was married but even before knowing each other in spite of being so close to God and God's words and through her cheated Adam. Satan will deceive any man for that matter. Our chances become less when we again and again study the scripture and repeatedly by heart it, and knowing and recognizing the worship and the aim of the church and by realizing which is the real church. The very recognition that Church is the body of Christ will lead us to victory.

Ephesians 1st chapter 1st verse Paul, an apostle of Jesus Christ by the will of God, to the saints who are in Ephesus, and faithful in Christ Jesus. The meaning is beautiful. As far as Paul is concerned He was sure of the fact that no man has landed him up there. He was appointed as an apostle by the liking of Jesus Christ. The ones are called as holy when they lead a faithful life to Christ, Christ's words, alias the Bible, To the God's Spirit, to the Trinity. This is a word to salute the God's people during those times and during these times too. Gospel is for them. And in the 2nd verse it is given Grace to you and peace from God our Father and the Lord Jesus. Christ. Christ's apostle Paul Told this to holy ones who is living in devotion with Christ because there are some in the Christian denominatives who only worship God the father alone. There are sects like Jehovah Witness, Mormons, and Emperor Immanuel who

# HEAD ശിരസ്സ്

knowledge of the truth

സത്യത്തിന്റെ പരിജ്ഞാനം

യവൻ എന്നാണ് ഈ വാക്കിന്റെയർത്ഥം. ഗ്രീക്കിലുള്ള വാക്കാണ് പൗലോസ്. ചെറിയവൻ എന്നാണ് ആ വാക്കിന്റെയർത്ഥം. തത്വജ്ഞാനികൾ, കായികാഭ്യാസികൾ, കലാകാരന്മാർ തുടങ്ങി ബുദ്ധിരാക്ഷസന്മാരുടെയെല്ലാം ഒരു കേന്ദ്രമായ നാട്ടിലാണ് പൗലോസ് ജനിച്ചത്. താർസോസിൽ. ഗ്രീക്കുസർവ്വകലാശാലയിൽ നിന്നും സ്റ്റോയിക് തത്വജ്ഞാനം പഠിച്ചിറങ്ങിയ ഒരു റോമാ പൗരനായിരുന്നു പൗലോസ്. എന്നാൽ പൗലോസിന്റെ പേരിനോട് ചേർത്ത് തിമോത്തിയുടെ പേരും ബർണ്ണബാസിന്റെ പേരും പലരുടേയും പേരുകൾ പിന്നീട് പറഞ്ഞുകേൾക്കുന്നുണ്ട്. എന്നാൽ പൗലോസ് അത്രെ ക്രിസ്തുവിന്റെ വിശുദ്ധവേദപുസ്തകഭാഗങ്ങൾ കൂടുതലായി പഠിക്കുകയും ചിന്തിക്കുകയും ചെയ്തെഴുതിയത്. വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക് പൗലോസ് ഇത് രചിച്ചു എന്നത് ഞാൻ എഴുതി. എല്ലാ ജനത്തിനും വിശുദ്ധവേദപുസ്തകം പഠിച്ച് മനസ്സിലാക്കാൻ വിളിയുണ്ടെങ്കിലും അവർ അതിനുവേണ്ടി ഇറങ്ങുകയില്ല. അത് ഞങ്ങളുടെ ജോലിയല്ല എന്ന് പറയും. ദൈവപുത്രന്റെ സ്വന്തം രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ നല്ല വണ്ണം മേയ്ക്കുവാൻ കഴിയണമെങ്കിൽ പ്രാദേശിക സഭയുടെ നേതൃത്വത്തിലുള്ളവരും സാർവ്വത്രികസഭയുടെ നേതൃത്വത്തിലുള്ളവരുമെല്ലാം വിശുദ്ധവേദപുസ്തകം നേരെ ചൊവ്വെ പഠിക്കുവാനും ചിന്തിക്കുവാനും കഴിയുന്നവരാകണം.

**വിശുദ്ധജനം**

നിങ്ങൾ വിശുദ്ധരാണ് എന്ന ഒരു തിരിച്ചറിവില്ലാതെ വരുന്നുണ്ടോ? പാപത്തെയും ലോകത്തെയും പിശാചിനെയും ജഡസ്വപ്നങ്ങളെയും പരാജയപ്പെടുത്തുന്നുണ്ടെങ്കിൽ നിങ്ങൾ തീർച്ചായും വിശുദ്ധന്മാരുടെ ഗണത്തിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. ഗ്രീക്കിൽ ഹാഗിയോസ് എന്നാണ് വിശുദ്ധന്മാർ എന്ന വാക്കിന് പകരമായി പറയുന്നത്. ഹെബ്രായഭാഷയിൽ കേദേശ് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ രണ്ട് മൂലപദങ്ങളുടേയും അർത്ഥം ദൈവത്തിനുവേണ്ടിയും ദൈവനാമമഹത്വത്തിനുവേണ്ടിയും വേർതിരിക്കപ്പെട്ടവനെന്നാണ്. നിങ്ങൾ ദൈവരാജ്യത്തിനുവേണ്ടി വേർപെടുത്തപ്പെട്ടവരല്ലെങ്കിൽ വേർപെടുത്തപ്പെടണം എന്നറിയിക്കുകയാണ്. ദൈവത്തിനുവേണ്ടിയും ദൈവരാജ്യത്തിനുവേണ്ടിയും ദൈവവചനത്തിനുവേണ്ടിയും ദൈവം നിങ്ങൾക്കു തന്ന ചർച്ച് ഓഫ് ഇറ്റേണിറ്റി എന്ന സഭക്കുവേണ്ടിയും വേർപെടുത്തപ്പെട്ട വ്യക്തിയാണ് നിങ്ങൾ എന്ന് തിരിച്ചറിയണം. എങ്ങനെയാണ് നമുക്ക് വിശുദ്ധി കിട്ടുക എന്ന് പറയാം. അത് ദൈവത്തിന്റെ വിളിയാലാണ്. ഇത് അന്തരാത്മാവിൽ ജന്മം കൊണ്ട് പുറത്തോട്ടു വരേണ്ട സ്വഭാവവിശേഷമാണ്. അന്തരാത്മാവിലൂടെ മനസ്സിലേക്കു വന്ന് മനസ്സിൽ നിന്ന് ശരീരത്തിലേക്ക് പകർന്ന് പ്രപഞ്ചം മുഴുവനും അത് എത്തണം. പഴയനിയമജനം ദൈവത്താൽ തിരെഞ്ഞെടുക്കപ്പെട്ടിരുന്നു. വിളിക്കപ്പെട്ട വിശുദ്ധരിൽ പ്രധാനികളായിരുന്നു ദൈവം പ്രത്യേകം

has rejected both Christ and Holy Spirit. I was just mentioning the names of certain cult denominations. That is the reason why it is written 'Not only from God the Father but also from the son let there be peace and grace.' The spirit which resides in the Father and the Son is called as Holy Spirit. The apostle is telling here in the earlier verse that the Omniscient God has called and segregated him. He is again and again saying the fact he did not get the apostolic title by attending any kind of sunahadose or any man's fellowship. There are people who see and hear the fact that all the official post of the church is based on that man's eligibility. For example the customs of making the children join the convent after they attain sixteen or seventeen years that is based on the human eligibility. Apostle Paul is saying that he did not come in such kind of man's eligibility but he says God chose him. The word Apostle means 'the one who is send'. By whom? Send by God. As told in Acts 15:33 As God send the son, the people who are send by Christ with the qualities of Apostolic are called as Apostles. The most important quality in a apostle is that he knows the mysteries and secrets of God's kingdom. The person who has apostolic qualities will have a good wholesome knowledge about the scriptures. Why was Jesus Christ born? What is the purpose of his life? Through his crucifixion, through his rising up, through his sitting in the presence of

# HEAD ശിരസ്സ്

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

വിളിച്ച നോഹയും, മോശയും, അഹരോനുമൊക്കെ. പുറ.19:6-ഉം, ആവ.7:6-ഉം ജനം തിരെഞ്ഞെടുക്കപ്പെട്ടവരും വിളിക്കപ്പെട്ടവരുമാണെങ്കിൽ അവരെ വിശുദ്ധരെന്ന് വിളിക്കും എന്നർത്ഥമുള്ള വാക്യങ്ങളാണ്. "നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും; ഇവ നീ യിസ്രയേൽമക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു". "നിന്റെ ദൈവമായ യഹോവക്കു നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകല ജാതികളിലുംവെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു".

**യേശു അനന്യൻ**

എഫെ.1:2-ൽ നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും എന്നുള്ള ഈ രണ്ട് വാക്കുകളും ത്രിത്വത്തിലെ തുല്യപ്രാധാന്യം അർഹിക്കുന്ന വാക്കുകളാണെന്ന് ഞാൻ പറഞ്ഞു. അത് തത്വജ്ഞാനികളംഗീകരിക്കാൻ വിഷമമുള്ള കാര്യമാണെന്നും പറഞ്ഞു. ഇനി കർത്താവായ യേശുക്രിസ്തുവിൽ നിന്നും എന്ന് എടുത്തുപറഞ്ഞത് എന്താണെന്ന് പറയാം. ക്രിസ്തീയവേദശാസ്ത്രത്തിലെ യേശുക്രിസ്തുവിന്റെ ദൈവത്വമെന്നത്, ഇസ്ലാം ജനസമൂഹവും ഹൈന്ദവമതനേതൃത്വത്തിലുള്ളവരും കത്തോലിക്കാ നേതൃത്വത്തിലുള്ളവരും ഒരിക്കലും വേണ്ടപോലെ അംഗീകരിക്കുന്നില്ല. എന്നാൽ വേദപുസ്തകത്തിലെ വളരെ സുപ്രധാനഘടകമാണ് യേശുക്രി

his father now, though his coming again, how do the sins of men goes, his depression goes, how does curse go away how does deliverance from the satanic ties happen how do we reach the eternity? An apostle will have a better than common godly knowledge about all these. Among the apostles we see in the Holy Bible Apostle Paul is an apostle who self declares it. About Pope and Arch Bishop's we can only say they are the apostles of that church denomination.

The Hebrew word for the name Paul is Saul. This word means great man. Paul is a Greek word. This word means small man. Paul was born in a principal city which was full of intellectuals like philosophers, sports men, and artists. In Tarsus. Paul was born a Roman citizen who had finished his education in Stoic philosophy from the University of Greece. But later on other names like Timothy and Barnabas was added along with him. But it was Paul who learned and meditated more on Christ's Holy Bible books and wrote them. I wrote that Paul compose this for the holy ones and the believers of Jesus Christ. Even though all the people have the calling for studying the Holy Bible, they will not go after it. They will say it is not our job. If we need to lead the God's church which was purchased



